**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org

No. M4. 7601/18 Dated:05/07/2018

# പരസ്യം

## ചോറ്റാനിക്കര ക്ഷേത്രം മേൽശാന്തി നിയമനം

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൽ കീഴിലുള്ള ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിൽ 1194-ാം മാണ്ട് ചിങ്ങം 1 മുതൽ കർക്കിടകം 31 വരെ ഒരു വർഷക്കാലം മേൽക്കാവിൽ മേൽശാന്തി തസ്തികയിലേക്കും, കീഴ്ക്കാവ് ശിവൻ, ശാസ്താവ് എന്നീ ക്ഷേത്രങ്ങളിലേക്കും മേൽശാന്തിമാരെ നിയമിക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിലെ എ.ബി.സി ഗ്രേഡ് ക്ഷേത്രങ്ങളിൽ ജോലി ചെയ്ത് വരുന്ന ശാന്തിക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

മേൽക്കാവിലെ മേൽശാന്തി തസ്തികയിലേക്കുള്ള അപേക്ഷകർ 45 വയസ്സ് തികഞ്ഞവരും, കൊച്ചിൻ ദേവസ്വം ബോർഡിൽ 15 വർഷം സർവ്വീസ് പൂർത്തിയാക്കിയവരും, കീഴ്ക്കാവ്, ശിവൻ, ശാസ്താവ് നടയിലേക്കുള്ള അപേക്ഷകർ 5 വർഷം സർവ്വീസ് പൂർത്തിയാക്കിയവരും ആയിരിക്കണം. കഴിഞ്ഞ പത്തു വർഷത്തിനിടെ എന്തെങ്കിലും ശിക്ഷാനടപടികൾക്ക് വിധേയരായവരുടേയോ ഇപ്പോൾ എന്തെങ്കിലും അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നവരുടേയോ അപേക്ഷകൾ പരിഗണിക്കുന്നതല്ല. എല്ലാ അപേക്ഷകരും കൊച്ചിൻ ദേവസ്വം ബോർഡ് നടത്തുന്ന സ്ക്രീനിങ്ങിൽ പങ്കെടുക്കേണ്ടതും, സ്ക്രീനിങ്ങിൽ യോഗ്യത നേടിയവരെ ഉൾപ്പെടുത്തി നറുക്കെടുത്ത് മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്നതുമാണ്. മേൽക്കാവ് മേൽശാന്തി തസ്തികയിലേക്ക് തിരഞ്ഞെടുപ്പിന് ആദ്യപരിഗണന 'എ' ഗ്രേഡ് ശാന്തിക്കാർക്കായിരിക്കും . 'എ' ഗ്രേഡ് ശാന്തിക്കാരെ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ 'ബി' ഗ്രേഡ് ശാന്തിക്കാരെ നറുക്കെടുപ്പിൽ ഉൾപ്പെടുത്തുകയുള്ളു. 'എ' 'ബി' ഗ്രേഡ് ശാന്തിക്കാരെ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ 'സി' ഗ്രേഡ് ശാന്തിക്കാരെ നറുക്കെടുപ്പിൽ ഉൾപ്പെടുത്തുകയുള്ളു. മേൽക്കാവിലേക്ക് ശാന്തിയായി രണ്ട് പേരെയാണ് തിരഞ്ഞെടുക്കുക. ഒരാൾ മേൽശാന്തിയായും, ഒരാൾ കീഴ്ശാന്തിയായും ഒന്നിടവിട്ട മാസങ്ങളിൽ പ്രവർത്തിക്കേണ്ടതാണ്. ആദ്യം നറുക്കെടുക്കുന്ന ആൾ ആദ്യമാസം മേൽശാന്തിയായി ചുമതലയേൽക്കേണ്ടതാണ്. മേൽക്കാവ് ശാന്തിക്കാരെ പുറപ്പെടാശാന്തിയായി കണക്കാക്കുന്നതാണ്. ടി നിയമനം ബഹു. ഹൈക്കോടതി മുമ്പാകെ നിലവിലുള്ള WP(c) 21301/15 നമ്പർ കേസ്സിന്റെ വിധിക്ക് വിധേയമായിരിക്കും.

കീഴ്ക്കാവ്, ശിവൻ, ശാസ്താവ് ക്ഷേത്രത്തിലേക്കുള്ള ശാന്തിക്കാരുടെ തസ്തികയിലേക്ക് സ്ക്രീനിങ്ങിൽ യോഗ്യത നേടിയവരിൽ നിന്നും നറുക്കെടുത്താണ് ശാന്തിക്കാരെ നിയമിക്കുക. അപേക്ഷകർ വെള്ളക്കടലാസിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ഇപ്പോൾ ജോലി ചെയ്യുന്ന ഗ്രൂപ്പിലെ അസിസ്റ്റന്റ് കമ്മീഷ്ണർ, ദേവസ്വം മാനേജർ, ദേവസ്വം ഓഫീസർ, ജൂനിയർ ദേവസ്വം ഓഫീസറുടെ പക്കൽ നിന്നും സാക്ഷ്യപത്രം സഹിതം സെക്രട്ടറി കൊച്ചിൻ ദേവസ്വം ബോർഡ്, റൗണ്ട് നോർത്ത് തൃശ്ശൂർ-1 എന്ന വിലാസത്തിൽ 11/07/18 ന് ഉച്ചതിരിഞ്ഞ് 5 നകം സമർപ്പിക്കേണ്ടതാണ്.

എന്ന്
സെക്രട്ടറി

കൊച്ചിൻ ദേവസ്വം ബോർഡ്